# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 18 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### കേരള പൊലീസിന് നന്ദി പറഞ്ഞ് ഭിന്നലിംഗക്കാർ ശബരിമല ദർശനം നടത്തി

ചരിത്രത്തിലേക്ക് കാൽവച്ച് ഭിന്നലിംഗക്കാർ ശബരിമല ദർശനം നടത്തി. ജീവിത സാഫല്യത്തിന് അവർ നന്ദിപറയുന്നത് ദർശന സൗകര്യം ഒരുക്കിയ കേരള പൊലീസിനോട് മാത്രം. ജീവിതത്തിൽ ഒരിക്കലും സാധിക്കുമെന്ന് കരുതിയിരുന്നതല്ല അയ്യന്റെ ദർശനം. എന്നാൽ പൊലീസിന്റെ കൃത്യമായ ഇടപെടൽ തങ്ങളുടെ ചിരകാല ആഗ്രഹപൂർത്തീകരണത്തിന് സഹായിച്ചു. ചരിത്രത്തിന്റെ ഭാഗമാകാനൊന്നുമല്ല മലകയറിയത്. തികച്ചും ഭക്തിയുടെ ഭാഗമായി മാത്രം. സത്വപരമായി ഭയന്നു നിൽക്കുന്ന ഭിന്നലിംഗക്കാരായ ആയിരങ്ങൾക്ക് തങ്ങളുടെ ദർശനം ആത്മവിശ്വാസം പകരും. ആരുടെയും നിർബന്ധവും തങ്ങളുടെ ദർശനത്തിന് പിന്നിൽ ഇല്ല. ഞങ്ങളുടെ വിശ്വാസം രക്ഷിച്ചു. നന്ദി പറയാൻ വാക്കുകൾ ഇല്ല. എഡിജിപി അനിൽകാന്ത്, ഐ ജി മനോജ് എബ്രഹാം, എസ് പി ഹരിശങ്കർ എല്ലാവർക്കും ഞങ്ങളുടെ നന്ദിയുെ  ന്നും അവർ മാധ്യമങ്ങളോട് പറഞ്ഞു. വിവിധ ജില്ലക്കാരായ തൃപ്തി ഷെട്ടി, രഞ്ജുമോൾ, അനന്യ, അവന്തിക  എന്നിവരാണ് സന്നിധാനത്തെത്തിയത്.

ഭിന്നലിംഗക്കാർ കടന്നു വന്ന വഴിയിലൊന്നും യാതൊരു എതിർപ്പും ഉ  ായിരുന്നില്ല. പതിനെട്ടാം പടികയറിയെത്തിയ ഇവരെ പൊലീസ് നേരിട്ട്

സോപാനത്തിലേക്ക് കൊ  ുപോയി ദർശനത്തിനുള്ള സൗകര്യം ഒരുക്കി. മാളികപ്പുറത്ത് അമ്മയെ ദർശിച്ച ശേഷം നെയ്യഭിഷേകത്തിനുള്ള ക്രമീകരണങ്ങളും ചെയ്തു. തുടർന്ന് വാവര് നടയിലും സന്ദർശനം നടത്തിയ ശേഷമാണ് ഇവർ സന്നിധാനത്തു നിന്നും തിരികെ പോയത്.

(പി.ആർ. ശബരി-321)

## ഡി വൈ എസ് പിക്ക് ഹാർട്ട് അറ്റാക്ക് : രക്ഷകരായി സഹാസ്

ഡ്യൂട്ടിക്കിടയിൽ ഹാർട്ട് അറ്റാക്ക് നേരിട്ട ഡി വൈ എസ് പി സന്തോഷ് കുമാറിന് രക്ഷകരായി സഹാസ് എന്ന ഡോക്ടർമാരുടെ കൂട്ടായ്മ. മരക്കൂട്ടത്തിനടുത്ത് ഡ്യൂട്ടിയിലായിരുന്ന ഇദ്ദേഹത്തിന് രാവിലെ  നെഞ്ചുവേദന അനുഭവപ്പെട്ടെങ്കിലും കാര്യമാക്കിയില്ല. ഒടുവിൽ 12 മണിയോടെ തീരെ അവശനായ സന്തോഷ് കുമാറിനെ പൊലീസുകാർ സഹാസ് കാർഡിയാക് സെന്ററിൽ എത്തിക്കുകയായിരുന്നു. ഹൃദയധമനികളിലെ ബ്ലോക്ക് മാറ്റുന്നതിനുള്ള ഇഞ്ചക്ഷൻ നൽകിയതിനെ തുടർന്ന് അപകടനില തരണം ചെയ്തു. നെഞ്ചു വേദന അനുഭവപ്പെട്ടാൽ മൂന്ന് മണിക്കൂറിനുള്ളിൽ നൽകേ   ഇഞ്ചക്ഷൻ ഏറെ വൈകിയാണ് നൽകിയതെങ്കിലും മരുന്നുകളോട് സന്തോഷ് കുമാർ നല്ല രീതിയിലാണ് പ്രതികരിച്ചത്. ആരോഗ്യനില വീ   ടുത്തെങ്കിലും തുടർ ചികിത്സക്കായി ഇദ്ദേഹത്തെ കോട്ടയം മെഡിക്കൽ കോളജിലേക്ക് മാറ്റി. ഡോ വാസുദേവൻ, ഡോ പ്രവീൺ, ഡോ അയ്യപ്പൻ, ഡോ പ്രശാന്ത് എന്നിവർ സഹാസിൽ ഡ്യൂട്ടിയിൽ ഉ   ായിരുന്നു.

(പി.ആർ. ശബരി-322)

## പതിവ് തെറ്റിക്കാതെ പണക്കിഴിയുമായി മണർകാട് സംഘം എത്തി

പതിവ് തെറ്റിക്കാതെ നീലപ്പട്ടിൽ പൊതിഞ്ഞ പണക്കിഴിയുമായി മണർകാട് സംഘം ശബരീശ സന്നിധിയിൽ എത്തി. കാനന പാതയിലൂടെ പമ്പയിലെത്തി സദ്യയും നടത്തി സന്നിധാനം സോപാനത്തിൽ  സംഘം പണക്കിഴി അർപ്പിച്ചത്.

കോട്ടയം മണർകാട് ഭഗവതി ക്ഷേത്രത്തിലെ ധർമശാസ്താ സന്നിധിയിൽ ധനുമാസം ഒന്നിന് കെട്ടു നിറയ്ക്കുമ്പോൾ വിരിക്കുന്ന നീലപട്ടിൽ വിവിധ കരക്കാർ ഇടുന്ന പണമാണ് കിഴികെട്ടി അയ്യപ്പന് കാണിക്കയായി അർപ്പിക്കുന്നത്. തുടർച്ചയായി 24 ാമത്തെ വർഷമാണ് ഇവർ കാണിക്ക അർപ്പിക്കാൻ എത്തുന്നത്. പെരിയസ്വാമിമാരായ പ്രകാശ് കുമാർ, രവി മനോഹരൻ, സംഘാഗങ്ങളായ സുരേഷ് കുമാർ, നാരായണൻ നായർ തുടങ്ങിയവർ നേതൃത്വം നൽകി.

(പി.ആർ. ശബരി-323)

## സുഗമമായ മലകയറ്റത്തിന് ഇവ പാലിക്കാം

പമ്പയിലെത്തിയശേഷം അനായാസ മലകയറ്റത്തിന് അൽപ്പം ശ്രദ്ധിക്കാം. ആയുർവേദചര്യപ്രകാരം ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ കയറ്റത്തിലും ഇറക്കത്തിലും ഉ ായേക്കാവുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കാം. വയറുനിറച്ച് ഭക്ഷണം കഴിച്ചിട്ട് മലകയറരുത്. എപ്പോഴും പാതി വയർ ഒഴിച്ചിട്ടിരിക്കണം. വിശപ്പ് തോന്നുമ്പോൾ അൽപ്പം ഭക്ഷണം കഴിക്കുക.

ദാഹമകറ്റാൻ വയർ നിറയെ വെള്ളം കുടിച്ചശേഷം മലകയറരുത്. ദാഹമകറ്റാൻ അൽപ്പം മാത്രം വെള്ളം കുടിക്കുക. വീ ും ദാഹിക്കുമ്പോൾ വീ ും അൽപ്പം വെള്ളം കുടിക്കുക. വയർനിറയെ ഭക്ഷണമോ വെള്ളമോ ആയി മലകയറിയാൽ കൊളുത്തിപ്പിടുത്തം ഉ ായേക്കാം. ഒറ്റ ശ്രമത്തിൽ ദീർഘനേരം നടക്കുന്നതിനുപകരം ഇടയ്ക്ക് ഇടയ്ക്ക മതിയായ രീതിയിൽ വിശ്രമിക്കുക. മസിൽ പെയിൻ ഉ ാകാൻ സാധ്യതയുള്ളവർ അൽപ്പം മുറിവെണ്ണ തേച്ചശേഷം നടക്കാൻ തുടങ്ങുക.

(പി.ആർ. ശബരി-324)

## ഇന്ന് (ഡിസംബർ 19) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (ഡിസംബർ 19) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: മുത്തൂറ്റ് മെഡിക്കൽ സെന്റർ പത്തനംതിട്ട, അക്ഷയ കമ്മ്യൂണിറ്റി ഫാർമസി കോന്നി, ജൻ ഔഷധികേന്ദ്ര കോഴഞ്ചേരി, നീതി മെഡിക്കൽസ് അടൂർ, കാരുണ്യ കമ്മ്യൂണിറ്റി മെഡിക്കൽസ് പന്തളം, ബിലീവേഴ്സ് ചർച്ച് സിറ്റി ക്ലിനിക്ക് തിരുവല്ല, പ്രകാശ് മെഡിക്കൽസ് റാന്നി, കുര്യൻസ് മെഡിക്കൽസ് കുമ്പളാംപൊയ്ക.

(പി.ആർ. ശബരി-325)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(19.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം

7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.